I/108256/2023

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/2640/2023-WEC2

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 30-07-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

**<u>പരിപത്രം</u>**

വിഷയം:- വനിത ശിശുവികസന വകുപ്പ്- 'മംഗല്യ പദ്ധതി' – വിധവാ പുനർവിവാഹ ധനസഹായം 2023-24 വർഷത്തേയ്ക്ക് ഓൺലൈൻ വെബ് സൈറ്റ് വഴി അപേക്ഷകൾ ക്ഷണിക്കുന്നത് - സംബന്ധിച്ച്:-

സൂചന:-
1. സ.ഉ(സാധാ) നം.472/സാക്ഷേവ. തീയതി 12/11/2018
2. ഈ കാര്യാലയത്തിലെ 18/6/2019 ലെ ഇ1/24251/WCD നം. ഉത്തരവ്

സാധുക്കളായ വിധവകള്, നിയമപരമായി വിവാഹ മോചനം നേടിയവർ എന്നിവരുടെ പുനർ വിവാഹത്തിന് 25,000/- രൂപ ധനസഹായം നൽകുന്ന മംഗല്യ പദ്ധതി 2008 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നിർവ്വഹണ ചുമതല സൂചന (2) പ്രകാരം ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക് നൽകിയിട്ടുള്ളതാണ്. നടപ്പ് സാമ്പത്തിക വർഷത്തിൽ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ മംഗല്യ പദ്ധതി പ്രകാരം ജില്ലാ തലത്തിൽ ഓൺലൈനായി അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. അപേക്ഷക ബി.പി.എല്. / മുൻഗണനാ വിഭാഗത്തിൽപെട്ടതായിരിക്കണം.
2. ഭർത്താവിന്റെ മരണം മൂലം വിധവയാവുകയും, നിയമ പ്രകാരം വിവാഹ ബന്ധം വേർപെടുത്തിയത് നിമിത്തം വിധവയ്ക്ക് സമാനമായി തീർന്നിട്ടുള്ള കുടുംബങ്ങളിൽപ്പെട്ട വനിതകളുമാണ് ഈ പദ്ധതിയുടെ പരിധിയിൽ വരുന്നത്.
3. പുനര്വിവാഹം ബന്ധപ്പെട്ട വിവാഹ രജിസ്ട്രാർ മുമ്പാകെ രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കണം.
4. വര്ഷത്തിൽ എല്ലാ സമയവും മംഗല്യ പദ്ധതിയ്ക്ക് വേണ്ടി വകുപ്പിന്റെ വെബ്സൈറ്റിലൂടെ അപേക്ഷിക്കാവുന്നതാണ്. പുനർവിവാഹം നടന്ന് 6 മാസത്തിനകം അപേക്ഷ സമർപ്പിച്ചിരിക്കണം.
5. 18 നും 50 നും മദ്ധ്യേ പ്രായമുള്ള വിധവകളുടെ പുനർവിവാഹത്തിനാണ് ധനസഹായം അനുവദിക്കുന്നത്.
6. ധനസഹായത്തിനുള്ള അപേക്ഷകള് താഴെപ്പറയുന്ന രേഖകൾ സഹിതം ഓൺലൈനായി ശിശുവികസന പദ്ധതി ഓഫീസർ മുഖേന ജില്ലാ വനിതാ ശിശുവികസന ഓഫീസർക്ക് നൽകേണ്ടതാണ്.

- ആദ്യ വിവാഹത്തിലെ ഭര്ത്താവിന്റെ മരണ സർട്ടിഫിക്കറ്റ്.
- വിവാഹ ബന്ധം വേര്പെടുത്തിയത് സംബന്ധിച്ച് കോടതി ഉത്തരവ്.
- ബി.പി.എല്. / മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടത് സംബന്ധിച്ച രേഖ (റേഷൻ കാർഡിന്റെ കോപ്പി) സാക്ഷ്യപ്പെടുത്തിയത്.
- അപേക്ഷയുടെ അധാര് കാർഡിന്റെ പകർപ്പ്.

- അപേക്ഷകയുടെ ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്.
- പുനര്വിവാഹം രജിസ്റ്റർ ചെയ്തതു സംബന്ധിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ് (സാക്ഷ്യപ്പെടുത്തിയത്)

7. ഓൺലൈനായി ലഭ്യമായ അപേക്ഷകൾ ശിശുവികസന പദ്ധതി ഓഫീസർമാർ പരിശോധിച്ച് ധനസഹായത്തിന് അർഹതയുള്ളതാണെന്ന് ഉറപ്പ് വരുത്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ ശേഷം മാത്രമേ ബന്ധപ്പെട്ട ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക് ഓൺലൈനായി നൽകാൻ പാടുള്ളൂ. മാനദണ്ഡങ്ങൾ പാലിക്കാതെ അനർഹരായിട്ടുള്ളവർക്ക് ഈ ആനുകൂല്യം ലഭിക്കുന്നതിന് വേണ്ടി ശുപാർശ ചെയ്യുന്ന പക്ഷം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസറുടെ ബാധ്യതയായി നിശ്ചിക്കുന്നതായിരിക്കും.
8. ശിശു വികസന പദ്ധതി ഓഫീസർ ശുപാർശ ചെയ്ത് ഓൺലൈനായി ലഭിക്കുന്ന അപേക്ഷകൾ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ യഥാസമയം പരിശോധിച്ച് മാനദണ്ഡപ്രകാരമാണോയെന്ന് ഉറപ്പാക്കേണ്ടതും അർഹതയുള്ള അപേക്ഷകരുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.
9. ലഭിക്കുന്ന അപേക്ഷകളില് അപാകതയുള്ളവ പരിഹരിക്കുവാൻ യഥാസമയം സി.ഡി.പി.ഒ യ്ക്ക് തിരികെ നൽകേണ്ടതും, സി.ഡി.പി.ഒ സമയബന്ധിതമായി അപാകത പരിഹരിച്ച് ലഭ്യമാക്കുന്നുണ്ടോയെന്ന് ജില്ലാ ഓഫീസർ ഉറപ്പ് വരുത്തേണ്ടതുമാണ്. സി.ഡി.പി.ഒ മാരുടെ പ്രതിമാസ അവലോകന മീറ്റിംഗിൽ ടി വിഷയം ഒരു അജണ്ടയായി ഉൾപ്പെടുത്തേണ്ടതും പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യേണ്ടതുമാണ്.

10. ധനസഹായത്തിനുള്ള അപേക്ഷ സ്വീകരിക്കുന്നത് സംബന്ധിച്ച് ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ പത്ര-ദൃശ്യമാധ്യമങ്ങൾ വഴിയും, അങ്കണവാടി പ്രവർത്തകർ മുഖേനയും വ്യാപക പരസ്യ പ്രചാരണം നടത്തേണ്ടതാണ്.

**<u>അപേക്ഷിക്കേണ്ട വിധം</u>**

- www.schemes.wcd.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക
- പൊതുജന പദ്ധതികള്- അപേക്ഷാ പോർട്ടൽ എന്ന വെബ്പേജിൽ "എങ്ങനെ അപേക്ഷിക്കാം" എന്ന മെനുവിൽ ക്ലിക്ക് ചെയ്യുക. പൊതുജന പദ്ധതികൾ അപേക്ഷാ പോർട്ടൽ എന്ന വെബ്പേജ് എങ്ങനെ പ്രവർത്തിക്കുന്നു എന്നും അപേക്ഷ സമർപ്പിക്കേണ്ടത് എങ്ങനെയെന്നും വിശദമാക്കിയുള്ള പേജ് തുറന്നു വരും. അതിലെ നിർദ്ദേശങ്ങൾ പാലിച്ച് ക്ഷേമപദ്ധതികൾക്ക് അപേക്ഷിക്കാവുന്നതാണ്. യൂസർ മാന്വൽ www.schemes.wcd.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

മംഗല്യ പദ്ധതി പ്രകാരം ധനസഹായം നല്കുന്നതിനുള്ള അപേക്ഷകൾ ശിശുവികസന പദ്ധതി ഓഫീസർമാർ ഓൺലൈനായി സ്വീകരിക്കേണ്ടതും, ബന്ധപ്പെട്ട ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക് നൽകേണ്ടതുമാണ്. ഇപ്രകാരം 2023-24 സാമ്പത്തിക വർഷം ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് ധനസഹായം ലഭിക്കുന്നതിന് അർഹതയുള്ളവയുടെ ലിസ്റ്റും ആവശ്യമായ ഫണ്ടിന്റെ വിശദാംശവും സമയബന്ധിതമായി അതത് മാസങ്ങളിൽ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ വനിതാ ശിശുവികസന ഡയറക്ടർക്ക് നൽകേണ്ടതാണ്.

1. എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും
2. എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

PRIYANKA G

30-07-2023

I/108256/2023

വനിത ശിശു വികസന ഡയറക്ടർ

**പകർപ്പ്:**

1. സൂപ്രണ്ട്, ആഡിറ്റ് സെക്ഷൻ
2. ഫിനാൻസ് ഓഫീസർ
3. ഡയറക്ടറുടെ സി.എ
4. അഡീഷണൽ ഡയറക്ടർ / ജോയിന്റ് ഡയറക്ടർ
5. സ്റ്റോക്ക് ഫയൽ / സ്പെയർ

I/108256/2023

## ‘മംഗല്യ പദ്ധതി’

## വിധവാ പുനർവിവാഹ ധനസഹായത്തിനുള്ള അപേക്ഷ

–

| | | |
|---|---|---|
| 1 | അപേക്ഷകയുടെ പേര്, അഡ്രസ്സ്, പിൻകോഡ്, ഫോൺ നം. | : |
| 2 | അപേക്ഷകയുടെ ജനന തീയതി | : |
| 3 | മരണമടഞ്ഞ ഭർത്താവിന്റെ പേര്, വിലാസം (മരണ സർട്ടിഫിക്കറ്റ് ഹാജരാക്കണം) | : |
| 4 | മരണമടഞ്ഞയാളുടെ വിധവയാണ് അപേക്ഷക എന്ന് തെളിയിക്കുന്നതിനുള്ള രേഖ | : |
| 5 | വിവാഹബന്ധം വേർപെടുത്തിയതാണെങ്കിൽ വിവാഹ ബന്ധം വേർപെടുത്തിയ കോടതി ഉത്തരവിന്റെ പകർപ്പ് | : |
| 6 | പുനർ വിവാഹം കഴിച്ച ഭർത്താവിന്റെ പേര്, അഡ്രസ്, വിവാഹ സർട്ടിഫിക്കറ്റ് | : |
| 7 | പുനർവിവാഹം, രജിസ്ട്രേഷൻ നം, തീയതി (വിവാഹ സർട്ടിഫിക്കറ്റ് ഹാജരാക്കണം) | : |
| 8 | അപേക്ഷകയുടെ തൊഴിൽ, വരുമാനം | : |
| 9 | പുനർവിവാഹം ചെയ്ത ഭർത്താവിന്റെ തൊഴിൽ, വരുമാനം | : |
| 10 | അപേക്ഷകയെ ആശ്രയിച്ച് കഴിയുന്ന കുട്ടികളുടെ വിശദ വിവരം | : |
| 11 | ഭർത്താവിനെ ആശ്രയിച്ച് കഴിയുന്ന കുട്ടികളുടെ വിശദ വിവരം | : |
| 12 | ഇപ്പോൾ താമസിക്കുന്ന ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് | : |
| 13 | ബാങ്ക് അക്കൗണ്ട് നമ്പർ | : |
| | IFSC | : |
| | ബ്രാഞ്ച് | : |

സ്ഥലം :

**അപേക്ഷകയുടെ ഒപ്പ്, പേര് :**

I/108256/2023

തീയതി :

**<u>അപേക്ഷക അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്യേണ്ട രേഖകൾ</u>**

a. ആദ്യ വിവാഹത്തിലെ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്.
b. വിവാഹ ബന്ധം വേർപെടുത്തിയത് സംബന്ധിച്ച് കോടതി ഉത്തരവ്.
c. ബി.പി.എൽ. / മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടത് സംബന്ധിച്ച രേഖ (റേഷൻ കാർഡിന്റെ കോപ്പി) സാക്ഷ്യപ്പെടുത്തിയത്.
d. അപേക്ഷകയുടെ ആധാർ കാർഡിന്റെ പകർപ്പ്.
e. അപേക്ഷകയുടെ ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്.
f. പുനർവിവാഹം രജിസ്റ്റർ ചെയ്തു സംബന്ധിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ് (സാക്ഷ്യപ്പെടുത്തിയത്)

**Signed by Priyanka G**
**Date: 30-07-2023 11:40:12**